പങ്കാളിത്തത്തോടുകൂടി മൊത്തം 52.85 മെഗാവാട്ട് ശേഷിയുള്ള 5 പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അങ്ങനെ മൊത്തം 204.15 മെഗാവാട്ട് സ്ഥാപിത ശേഷി വർദ്ധനവാണ് ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം നടപ്പിൽ വരുത്തിയത്. കൂടാതെ 4.8 മെഗാവാട്ടിന്റെ പുഴിത്തോട് ജലവൈദ്യുത പദ്ധതി 2011 ഫെബ്രുവരി മാസത്തിൽ കമ്മീഷൻ ചെയ്യുന്നതാണ്.

(ബി) ഈ സർക്കാരിന്റെ കാലത്ത് നൽകിയ ഗാർഹിക കണക്ഷനുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	140101
കൊല്ലം	109111
പത്തനംതിട്ട	45017
കോട്ടയം	72864
ആലപ്പുഴ	87901
ഇടുക്കി	70656
എറണാകുളം	155811
തൃശ്ശൂർ	148062
പാലക്കാട്	165544
മലപ്പുറം	189656
കോഴിക്കോട്	170352
വയനാട്	54055
കണ്ണൂർ	125039
കാസർഗോഡ്	52500

വൈദ്യുതി ഉല്പാദനരംഗത്ത് വർദ്ധനവ് ഉണ്ടാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ

128(2381) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉല്പാദനരംഗത്ത് വർദ്ധനവ് ഉണ്ടാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാരമ്പര്യ, പാരമ്പര്യേതര മാർഗ്ഗങ്ങളിലൂടെ എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) 2001-02 വർഷം മുതൽ 2009-10 വരെയുള്ള ഉല്പാദനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഡി) 2001-02 വർഷം മുതൽ 2009-10 വർഷം വരെയുള്ള ഉല്പാദന ചെലവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ. ബോർഡിന്റെ കീഴിൽ 151.3 മെഗാവാട്ട് ഉൽപാദന സ്ഥാപിത ശേഷി വർദ്ധനവ് നടപ്പിൽ വരുത്തിക്കൊണ്ട് മൂന്നു പുതിയ ജല വൈദ്യുത പദ്ധതികളും രണ്ട് നവീകരണ പദ്ധതികളും കമ്മീഷൻ ചെയ്തു. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി മൊത്തം 52.85 മെഗാവാട്ട് ശേഷിയുള്ള 5 പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. അങ്ങനെ മൊത്തം 204.15 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവാണ് ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം നടപ്പിൽ വരുത്തിയത്. വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ. ബോർഡ് ഏറ്റെടുത്തിട്ടുള്ള 155.05 മെഗാവാട്ടിന്റെ 11 പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 4.8 മെഗാവാട്ടിന്റെ പുഴിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി 2011 ഫെബ്രുവരി മാസത്തിൽ കമ്മീഷൻ ചെയ്യുന്നതാണ്. 85 മില്ല്യൻ യൂണിറ്റ് ഉത്പാദന വർദ്ധനവ് നേടിത്തരുന്ന ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിയും കെ.എസ്.ഇ. ബോർഡ് ഏറ്റെടുത്തിട്ടുണ്ട്.

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെ 45 ജലവൈദ്യുത പദ്ധതികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ നിന്നും 653.55 മെഗാവാട്ട് പ്രതീക്ഷിക്കുന്നു. കൂടാതെ ഭരണാനുമതി നൽകിയ അതിരപ്പിള്ളി (163 MW), പൂയംകുട്ടി (210 MW), എന്നീ വൻകിട ജലവൈദ്യുത പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. കൂടാതെ ബ്രഹ്മപുരത്ത് 1026 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വാതകാധിഷ്ഠിത താപനിലയത്തിനുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ് ചീമേനിയിൽ 1200 MW ശേഷിയുള്ള വാതകാധിഷ്ഠിത താപനിലയം കെ.എസ്.ഇ ബോർഡിന്റെയും കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയിൽ ഡിപ്പാർട്ട്മെന്റിന്റെയും സംയുക്ത സംരംഭമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടു കൂടി ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സർക്കാർ തലത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി അഗളിയിലും രാമക്കൽമേടിലും സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി വിൻഡ് ഫാം നടപ്പിൽ വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

40 വർഷത്തിലധികം പഴക്കമുള്ള ശബരിഗിരി പദ്ധതിയുടെ നവീകരണവും ശേഷി വർദ്ധനവടക്കമുള്ള പ്രവർത്തനങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. പെരിങ്ങൽകുത്ത് പവർ ഹൗസിന്റെ നവീകരണ/ശേഷിവർദ്ധന പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഷോളയാർ പദ്ധതിയുടെ നവീകരണത്തിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കും. കൂടാതെ ഇടുക്കി ഒന്നാം ഘട്ടത്തിന്റെയും കുറ്റ്യാടി ഒന്നാം ഘട്ട മെഷീനുകളുടെയും നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായുള്ള RLA (Residual Life Assessment) പഠനം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്നിരുന്ന 7 MW-ന്റെ അള്ളുങ്കൽ ചെറുകിട ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്യുവാനും 3-MW-ന്റെ ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതി കഴിഞ്ഞ വർഷം അവസാനം ഉല്പാദനം തുടങ്ങുവാനും കഴിഞ്ഞിട്ടുണ്ട്. മുടങ്ങിക്കിടന്നിരുന്ന 15 MW-ന്റെ കാരിക്കയം ജലവൈദ്യുത പദ്ധതിയിൽ നിന്നും വൈദ്യുതി ഉത്പാദനം ഭാഗികമായി തുടങ്ങുന്നതിന് ഒന്നാം ഘട്ടം രണ്ട് മൂന്ന് മാസങ്ങൾക്കകം പൂർത്തിയാകുമെന്ന് കരുതുന്നു. പാരമ്പര്യേതര വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അനെർട്ട് മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(i) ജവർലാൽ നെഹ്റു നാഷണൽ സോളാർ മിഷന്റെ ഗ്രിഡ് കണക്ടഡ് പ്രോജക്ട് വഴി ആകെ 4 MW-ന്റെ 4 പദ്ധതികൾ കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്.

(ii) 10 കിലോവാട്ടിന്റെ ഓഫ് ഗ്രിഡ് പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുകയും 33 കിലോവാട്ടറിന്റെ സൗരോർജ്ജ പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(iii) കാറ്റാടിയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് 40 മെഗാവാട്ടിന്റെ രൂപ രേഖ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(iv) കണ്ണൂരിലെ പേരാവൂർ ബ്ലോക്കിൽ 14 സ്ഥലങ്ങളിലായി 1.22 MV-ന്റെ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ടെൻണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

(v) ബയോമാസ് ഗ്യാസിഫയറുകൾ സ്ഥാപിക്കുന്നതിനായി സംസ്ഥാനത്തുടനീളം 14 സ്ഥലങ്ങളിൽ 63.75 MW-യുടെ പദ്ധതിയുടെ പ്രാരംഭനടപടികൾ പൂർത്തിയാക്കി. ഇവ ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) 2009-10 വർഷത്തെ കണക്കുകൾ പ്രകാരം പാരമ്പര്യ സ്രോതസ്സുകളിൽ നിന്നും 9234.88 Mu-ഉം പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നും 118.47 Mu-ഉം വൈദ്യുതി ഉല്പാദിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2001-02 മുതൽ 2009-10 വർഷം വരെ സംസ്ഥാനത്തെ വൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനത്തെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) 2001-02 വർഷം മുതൽ 2009-10 വർഷം വരെയുള്ള ഉല്പാദന ചെലവ് (cost of generation) ടി വർഷങ്ങളിലെ വാർഷിക കണക്കു പ്രകാരം താഴെ നൽകുന്നു.

വർഷം	തുക (രൂപ കോടിയിൽ)
2001-02	84.61
2002-03	166.23
2003-04	143.70
2004-05	81.13
2005-06	51.30
2006-07	111.84
2007-08	195.97
2008-09	414.96
2009-10	364.35

വൈദ്യുതി ഉല്പാദനവും ഉപഭോഗവും വാങ്ങലും വിൽപ്പനയും

129(2382) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉല്പ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള പരിഹാര നടപടികൾ വിശദീകരിക്കാമോ ;

(ബി) 2008-09, 2009-10 എന്നീ വർഷങ്ങളിലെ സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള ആഭ്യന്തര ഉത്പാദനം എത്ര വീതം യൂണിറ്റായിരുന്നു എന്ന് വിശദമാക്കാമോ ; അതിൽ സംസ്ഥാനത്തിന് ലഭിച്ചത് എത്ര യൂണിറ്റായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് ഈ കാലയളവിൽ ലഭിച്ചത് എത്ര യൂണിറ്റായിരുന്നു ; ഏതു നിരക്കിൽ എന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റ് ഏജൻസികളിൽ നിന്നും വാങ്ങിയത് എത്ര യൂണിറ്റായിരുന്നു ; എന്തു വില നൽകി എന്നറിയിക്കുമോ ;

(ഇ) ഈ കാലയളവിലെ പ്രതിവർഷ ഉപഭോഗം എത്ര യൂണിറ്റായിരുന്നു ; എത്ര യൂണിറ്റ് വൈദ്യുതി സംസ്ഥാനത്തിന് പുറത്ത് വിറ്റു ; ആയതിന് എന്തു വില ലഭിച്ചു എന്നറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly